4.57 കോടി രൂപ 15,234 രോഗികൾക്ക് വിതരണം ചെയ്തു. അപേക്ഷകരുടെ ബാഹുല്യംമൂലം ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ അപേക്ഷകൾ കൂട്ടത്തോടെ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും അത്യാവശ്യ സാഹചര്യങ്ങളിൽ അപേക്ഷകൾ സ്വീകരിക്കാറുണ്ട്. രോഗികളുടെ സൗകര്യാർത്ഥവും താമസം ഒഴിവാക്കുന്നതിനും 14 ജില്ലാ ലോട്ടറി ഓഫീസുകളിലും അപേക്ഷകൾ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൻ മുൻപ് ഒറ്റത്തവണ ധനസഹായം കൈപ്പറ്റിയിട്ടുണ്ടോയെന്നും ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ടോ എന്നും ജില്ലാ ലോട്ടറി ഓഫീസിൽ സൂക്ഷ്മപരിശോധന നടത്തി ലഭിക്കുന്നത് കാലതാമസം ഒഴിവാക്കാനും ഇടയാകും. ഇത് പരമാവധി രോഗികൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്നതിന് സഹായകരമാകും.

ലോട്ടറിയുടെ സമ്മാനഘടന പരിഷ്കരണം

172 (4163) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ലോട്ടറിയുടെ സമ്മാന ഘടന പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഇപ്പോഴത്തെ സമ്മാന ഘടനയ്ക്ക പകരം കൂടുതൽ വ്യക്തികൾക്ക നേട്ടമുണ്ടാകുന്ന രീതിയിൽ സമ്മാന ഘടനയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ തയ്യാറാകുമോ;

(സി) ലോട്ടറി ഉകയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന ടാക്സ് ഘടനയിലും കാലോചിതമായ മാറ്റം വരുത്തുന്നത് ആലോചിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൂടുതൽ വ്യക്തികൾക്ക് സമ്മാനം ലഭിക്കുന്നവിധത്തിൽ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് സമ്മാനഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലാണ്.

(സി) ലോട്ടറി സമ്മാന ഉകയിന്മേലുള്ള ആദായ നികുതി പരിഷ്കരിക്കുന്ന വിഷയം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly